# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 471 — 04.07.2012ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർവൽക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി ഉബൈദുള്ള<br>ശ്രീ. കെ മുഹമ്മദുണ്ണി ഹാജി<br>ശ്രീ. സി.മമ്മൂട്ടി | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സെക്രട്ടേറിയറ്റിലെ കമ്പ്യൂട്ടർ വൽക്കരണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദീകരിക്കുമോ; | (എ) സെക്രട്ടേറിയറ്റിൽ കമ്പ്യൂട്ടർവൽക്കരണം ഘട്ടംഘട്ടമായി നടപ്പിലാക്കി വരികയാണ്. |
| (ബി) കമ്പ്യൂട്ടർവൽക്കരണപ്രവർത്തനങ്ങൾ ആരംഭിക്കുംമുൻപ് സർവീസിൽ ഉണ്ടായിരുന്നവരും നിലവിൽ സർവീസിൽ തുടരുന്നവരുമായ എല്ലാ ഉദ്യോഗസ്ഥർക്കും കമ്പ്യൂട്ടർ പരിജ്ഞാനം നല്കികഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയും വേഗം പരിശീലനം നല്കുമോ; | (ബി) കമ്പ്യൂട്ടർ വൽക്കരണത്തിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലേയും ഉദ്യോഗസ്ഥർക്ക് സെക്രട്ടേറിയറ്റ് ട്രെയിനിംഗ് സെന്റർ മുഖേനയും അല്ലാതെയും പരിശീലനം നൽകി വരുന്നു |
| (സി) പരാതികളുടേയും ഫയലുകളുടേയും നീക്കം രേഖപ്പെടുത്താനും പരിശോധിക്കാനും സഹായകരമായ ഐഡിയ എന്ന സോഫ്റ്റ്‌വെയർ സെക്രട്ടേറിയറ്റിൽ ഉപയോഗത്തിലായിട്ടുണ്ടോ; | (സി) ഉണ്ട് |
| (ഡി) ഉണ്ടെങ്കിൽ സെക്രട്ടേറിയറ്റിലെ എല്ലാവകുപ്പുകളിലും ഇത് പ്രവർത്തനക്ഷമമാണോ;അല്ലെങ്കിൽ അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുമോ; | (ഡി) സെക്രട്ടേറിയറ്റിൽ ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ള വകുപ്പുകളും നിയമവകുപ്പും ഒഴികെ മറ്റെല്ലാ വകുപ്പുകളിലും ഐഡിയാസ് പ്രവർത്തനക്ഷമമാണ്. |

| | | | |
|---|---|---|---|
| (ഇ) | നിയമസഭാംഗങ്ങൾക്ക് അവർ നല്കിയ നിവേദനങ്ങളുടേയും കത്തുകളുടേയും നീക്കം സംബന്ധിച്ച വിവരങ്ങൾ അറിയാൻ ഇതിലേയ്ക്കുള്ള അക്സസ് നല്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നല്കുമോ ? | (ഇ) | നിയമസഭാംഗങ്ങൾക്ക് അവർ നല്കിയ നിവേദനങ്ങളുടേയും കത്തുകളുടേയും നീക്കം സംബന്ധിച്ച വിവരങ്ങൾ അറിയാൻ ഐഡിയാസിൽ പ്രത്യേകം അക്സസ് നൽകിയിട്ടില്ലെങ്കിലും പൊതുവായ നിവേദനങ്ങളുടെയും ഫയലുകളുടെയും നീക്കം സംബന്ധിച്ച വിവരങ്ങൾ ഐഡിയാസ് മുഖേന ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ